

# സമന്വയം

## ഡിജിറ്റൽ മാഗസിൻ

ജി എച്ച് എസ് നാലു ചിറ

# എഡിറ്റോറിയൽ ബോർഡ്

സൂര്യനാഥ്(ചീഫ് എഡിറ്റർ)
സായന്ത് കൃഷ്ണ(സബ് എഡിറ്റർ)
അഭിജിത്ത് സജീവ്(സബ് എഡിറ്റർ)
അഭിനവ് സജീവ്(സബ് എഡിറ്റർ)

# സന്ദേശം

ഗവൺമെന്റ്എച്ച്എസ് നാലുചിറയിലെ കുട്ടികൾ തയ്യാറാക്കിയ ഡിജിറ്റൽമാഗസിന് എല്ലാവിധ ആശംസകളും അറിയിക്കുന്നു.സാങ്കേതികവിദ്യയോടൊപ്പം സർഗാത്മകതയും പരിപോഷിപ്പിക്കുന്ന തരത്തിലുള്ള ഇത്തരം പ്രവർത്തനങ്ങൾ കുട്ടികൾക്ക്   തീർച്ചയായും പ്രയോജനകരമാണ് . പൊതുവിദ്യാലയങ്ങളിലെ മികവാർന്ന പ്രവർത്തനങ്ങൾക്ക് ഉദാഹരണമാണ്ഇത്തരംമാഗസിനുകൾ.ഈപ്രവർത്തനം ഏറ്റെടുത്ത നാലുചിറയിലെ മിടുക്കരായ കുട്ടികൾക്ക് ഹൃദയംനിറഞ്ഞഅഭിനന്ദനങ്ങൾ....



SUMANGALI G
HEADMISTRES

# ഗവൺമെന്റ് ഹൈസ്കൂൾ നാലു ചിറ തോട്ടപ്പള്ളി

പുറക്കാട് പഞ്ചായത്തിലെ ഏക സർക്കാർ സ്കൂളാണ് ജി എച്ച് എസ് നാലുചിറ. മത്സ്യത്തൊഴിലാളികളുടെയും കർഷകത്തൊഴിലാളികളുടെയും മക്കളാണ് ഇവിടുത്തെ വിദ്യാർഥികളിൽ അധികവും. തിരുകൊച്ചി മുഖ്യമന്ത്രി ബഹുമാനപ്പെട്ട ശ്രീ സി കേശവൻ തോട്ടപ്പള്ളി ചിപ്പിന് വടക്ക് കിഴക്കുവശത്ത് തോടിനു കുറുകെ പാലത്തിന് തറക്കല്ലിടുന്നതിനായി എത്തിച്ചേർന്നപ്പോൾ അവിടെ കൂടിയ ജനങ്ങളുടെ ഒന്നടങ്കമുള്ള അഭിലാഷ പ്രകാരം നാലുചിറയിൽ ഒരു ഗവൺമെന്റ് എൽ പി സ്കൂൾ അനുവദിച്ച് ഉത്തരവായി. 1956 ആലപ്പുഴ ജില്ലാ കളക്ടറുടെ ഉത്തരവുപ്രകാരം തോട്ടപ്പള്ളി പല്ലന റോഡിന്റെ പടിഞ്ഞാറായി നിന്നിരുന്ന ക്വാർട്ടേഴ്സ്സെറ്റിടത്തിൽ സ്കൂൾ പ്രവർത്തനം ആരംഭിച്ചു. 2014 ഹൈസ്കൂൾ ആയി അപ്ഗ്രേഡ് ചെയ്തു. ഇപ്പോൾ 480 കുട്ടികളും 22 അധ്യാപകരും ഈ സ്കൂളിന്റെ ഭാഗമാകുന്നു

# മികവുകൾ

അക്കാദമികം

ചുവട്

എല്ലാ കുട്ടികളേയും എഴുത്തും വായനയും ഉറപ്പിക്കുക എന്ന ലക്ഷ്യത്തോടെ ജിഎച്ച്എസ് നാലുചിറ ഏറ്റെടുത്ത പ്രവർത്തനമാണ് ചുവട്. ജൂൺ മാസത്തെ രണ്ടാമത്തെ ആഴ്ച തന്നെ കുട്ടികൾക്ക് ഒരു പ്രീ ടെസ്റ്റ് നടത്തുകയും എഴുത്തിലും വായനയിലും പിന്നോക്കമുള്ള കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തു. ഇവരെ എഴുത്തിന്റെയും വായനയുടെയും ലോകത്തേക്ക് കൈപിടിച്ച് ഉയർത്തുക എന്ന ലക്ഷ്യത്തോടെ ആദ്യമായി ഇവരുടെ രക്ഷിതാക്കൾക്ക് ഒരു ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. കുട്ടികളെ മുന്നോട്ടുകൊണ്ടു വരുന്നതിന് അധികസമയ പ്രവർത്തനങ്ങൾക്ക് രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കുക എന്നതായിരുന്നു ഈ യോഗത്തിന്റെ ഉദ്ദേശം. കടത്തു കടന്നുപോകുന്ന കുട്ടികൾക്ക് കൂടുതൽ സമയം നൽകുന്ന പഠന പ്രവർത്തനങ്ങൾ ബുദ്ധിമുട്ട് ഉണ്ടാക്കാത്ത തരത്തിൽ സമയം ക്രമീകരിച്ചുകൊണ്ട് പ്രവർത്തനങ്ങൾ ആരംഭിച്ചു. ക്ലാസ് ടീച്ചേഴ്സിന്റെ നേതൃത്വത്തിൽ കുട്ടികളുടെ ഹാജർ ഉറപ്പിച്ചു.

എൽ പി യു പി ഹൈസ്കൂൾ എന്നീ സെഷനുകൾക്ക് പ്രത്യേകം ക്ലാസുകളാണ് സംഘടിപ്പിച്ചത്. ഉച്ചയ്ക്കുള്ള അരമണിക്കൂർ എൽപിയും യുപിയും ഉപയോഗിച്ചപ്പോൾ വൈകുന്നേരം ഒരു മണിക്കൂർ ഹൈസ്കൂളും ഉപയോഗിച്ചു.

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ ഒഴികെയുള്ളവർക്ക് ഉണ്ടാക്കിയ മാറ്റം അദ്ധ്യാപകരുടെ ആത്മവിശ്വാസം വർദ്ധിപ്പിച്ചു.പഠന പ്രവർത്തനങ്ങളിൽ പിൻവാങ്ങി നിന്ന് കുട്ടികൾക്ക് മറ്റു കുട്ടികളോടൊപ്പം ക്ളാസ് തല പഠന പ്രവർത്തനങ്ങളിൽഏർപ്പെടാൻ കഴിയുന്നു എന്നുള്ളത് ഇതിന് മികവായി കാണുന്നു.മാതൃഭാഷയോടൊപ്പം ഇംഗ്ലീഷ് ഹിന്ദി ഗണിതം ഈ വിഷയങ്ങളിലും കുട്ടികൾക്ക് അടിസ്ഥാനശേഷികൾ നേടാൻ കഴിഞ്ഞിട്ടുണ്ട്

സർഗതീരം

പൊതുവിദ്യാഭ്യാസ വകുപ്പ് രൂപകല്പനം ചെയ്ത സവിശേഷ പദ്ധതിയോട് ചേർന്ന് നാലു ചിറ ഗവൺമെന്റ് ഹൈസ്കൂൾ നടത്തുന്ന പരിപാടിയാണ് സർഗതീരം. തീര പ്രദേശത്തെ കുട്ടികളിലെ പ്രശ്നങ്ങൾ തിരിച്ചറിയാനും ആത്മവിശ്വാസത്തോടെ പഠിക്കാനും പൊതുസമൂഹത്തിന്റെ ഭാഗമാകാനും അവർക്ക് പ്രാപ്തി നൽകാൻ ഉതകുന്ന പ്രവർത്തനങ്ങൾ ഈ പദ്ധതി വഴി ചെയ്തുവരുന്നു. കുട്ടികൾക്കാവശ്യമായ പഠനോപകരണങ്ങൾ നിർമ്മിക്കുക കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുക അവർക്കു മുന്നേറാൻ ആവശ്യമായ

സപ്പോർട്ട് നൽകുക എന്നീ ലക്ഷ്യങ്ങളോടെ ആണ് ഇതിന്റെ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുള്ളത്. ഇതിന്റെ ഭാഗമായിട്ടിദഗ്ധരുടെ ക്ലാസുകൾ ശില്പശാലകൾ ക്യാമ്പുകൾ പഠന യാത്രകൾ ഭൗതിക സൗകര്യ വികസനം രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണ പരിപാടി എന്നിവ നടത്തുന്നു. ഇതിൽ ഉൾപ്പെടുത്തി സ്കൂളിൽ നടത്തിയ പ്രവർത്തനങ്ങൾ

1. നാടകക്യാമ്പ്

ക്രിസ്മസ് അവധിക്കാലത്ത് മൂന്ന് ദിവസത്തെ നാടക ക്യാമ്പ് സംഘടിപ്പിച്ചു. സംസ്കൃതി നാടക സംഘടനയുടെയും നാട്ടത്തിന്റെയും നേതൃത്വത്തിലാണ് നാടക ക്യാമ്പ് സംഘടിപ്പിച്ചത്. സംഘടിപ്പിച്ചത്. കുട്ടികൾക്ക് ആത്മവിശ്വാസത്തോടെ വേദിയെ അഭിമുഖീകരിക്കാനുള്ള ധൈര്യം ഇതിലൂടെ ലഭിച്ചു. കൂടാതെ അഭിനയിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ. തയ്യാറാക്കുമ്പോൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ തുടങ്ങിയവയും മനസ്സിലാക്കാൻ കഴിഞ്ഞു

2 ഫുട്ബോൾ ക്യാമ്പ്

തീരപ്രദേശത്തെ കുട്ടികൾക്ക് സ്പോർട്സിനോട് വലിയ അഭിനിവേശം ഉണ്ട് പ്രത്യേകിച്ച് ഫുട്ബോളിനോട് കൃത്യമായ പരിശീലനം നൽകിയാൽ കായിക മികവിൽ ഇവർ മുന്നേറും എന്നതിൽ സംശയമില്ല. കുട്ടികളുടെ ആവശ്യപ്രകാരം ഒരു ഫുട്ബോൾ കോച്ചിംഗ് ക്യാമ്പ് സ്കൂളിൽ സംഘടിപ്പിച്ചു. ആറു ദിവസം സംഘടിപ്പിച്ച ഫുട്ബോൾ ക്യാമ്പിൽ കുട്ടികളെ സെലക്ട് ചെയ്യുകയും മത്സരത്തിൽ പങ്കെടുക്കാനുള്ള നിർദ്ദേശങ്ങൾ നൽകുകയും കരുത്തോടെ പങ്കെടുക്കാനുള്ള ആവേശം നിറയ്ക്കുകയും ചെയ്തു

3. ശാസ്ത്ര പരീക്ഷണ ക്യാമ്പുകൾ

എൽപി യുപി എന്നീ വിഭാഗങ്ങൾക്ക് പ്രത്യേകം പ്രത്യേകം ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ഏകദിന ക്ലാസ് സംഘടിപ്പിച്ചു. നമ്മുടെ ചുറ്റുമുള്ള ശാസ്ത്രത്തെ അറിയാനും ലഘുവായ പരീക്ഷണങ്ങളിൽ ഏർപ്പെടാനുള്ള കുട്ടികളുടെ താല്പര്യ വർദ്ധിപ്പിക്കാനും ഉള്ള ഉദ്ദേശത്തോടെയാണ് ഈ പരിപാടികൾ നടത്തിയത്. വളരെ ആവേശത്തോടെയും താല്പര്യത്തോടെയും കുട്ടികൾ ഈ പ്രവർത്തനങ്ങളിൽ പങ്കാളികളായി. ശേഷം നടത്തിയ ശാസ്ത്ര സംഗമത്തിൽ കുട്ടികൾ നടത്തിയ ശാസ്ത്ര പരീക്ഷണങ്ങൾ ഇതിന്റെ ഗുണഫലങ്ങൾ വിളിചോതുന്നവയായിരുന്നു

4വർക്ക് എക്സ്പീരിയൻസ് ക്യാമ്പുകൾ

സബ്ജില്ലാതല വർക്ക് എക്സ്പീരിയൻസ് മേളയിൽ സ്കൂളിന് ഓവറോൾ രണ്ടാം സ്ഥാനം ലഭിക്കുകയുണ്ടായി. കൃത്യമായ പരിശീലനങ്ങൾ നൽകിയാൽ കൂടുതൽ മികവുകളിൽ കുട്ടികൾ എത്തും എന്നതിൽ സംശയമില്ല. സർഗ്ഗ തീരം പരിപാടിയുടെ ഭാഗമായി കുട്ടികൾക്ക് ചോക്ക് നിർമ്മാണം ബുക്ക് ബൈൻഡിങ് ഫയൽ നിർമ്മാണം എന്നീ വിഷയങ്ങളിൽ പരിശീലനം നൽകി.

5കലാപരിശീലനം
 കുട്ടികളുടെ കലാവാസനകളെ പ്രോത്സാഹിപ്പിക്കുന്നതിനായി ചിത്രരചന നാടൻപാട്ട് എന്നീ കലാരൂപങ്ങളിൽ കുട്ടികൾക്ക് പ്രത്യേക പരിശീലനങ്ങൾ നൽകി.  താല്പര്യത്തോടെയാണ് കുട്ടികൾ ഇതിൽ പങ്കെടുത്തത്. കൃത്യമായ മികവുകൾ കാണിക്കുന്ന തരത്തിൽ ഉള്ള കുട്ടികളുടെ പ്രകടനം ആർ പി മാർക്കും അഭിമാനം നൽകുന്നതായിരുന്നു. കൂടുതൽ ദിവസങ്ങളിൽ സ്വയം സന്നദ്ധരായി കുട്ടികൾക്ക് പരിശീലനം നൽകാൻ ആർപി മാർ തയ്യാറായി എന്നത് കുട്ടികളുടെ താൽപര്യത്തിന്റെ  ഉദാഹരണമാണ്.
6വിദഗ്ധരുടെ ക്ലാസുകൾ

വ്യത്യസ്ത വിഷയങ്ങളിൽ കുട്ടികൾക്ക് താല്പര്യ ജനിപ്പിക്കുന്ന തരത്തിൽ വിദഗ്ധരുടെ ക്ലാസുകൾ സംഘടിപ്പിച്ചു. ഓരോ വിഷയത്തിലും പ്രാഗല്ഭ്യം തെളിയിച്ച അധ്യാപകരെ കുട്ടികൾക്ക് ഗുണകരമായ രീതിയിൽ എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. എടുത്ത ക്ലാസുകൾ കുട്ടികൾക്ക് പ്രയോജനകരമായിരുന്നു എന്നതിന്റെ തെളിവായി രക്ഷിതാക്കൾ ഇത്തരം കൂടുതൽ ക്ലാസുകൾ സംഘടിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുമുണ്ട്. ഗണിതം ഇംഗ്ലീഷ് സാമൂഹ്യ ശാസ്ത്രം ഫിസിക്സ് ഹിന്ദി എന്നീ വിഷയങ്ങളിൽ ക്ലാസുകൾ സംഘടിപ്പിച്ചതോടൊപ്പം കുട്ടികൾക്ക് ആത്മവിശ്വാസം ഉണ്ടാകുന്നതിനും പ്രശ്നങ്ങൾ തുറന്നു പറയാനുള്ള ശേഷി വർദ്ധിപ്പിക്കുശ്രീ ന്നതിനും തങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ആർജ്ജവം ഉണ്ടാകുന്ന തരത്തിലുള്ള മോട്ടിവേഷൻ ക്ലാസുകളും സംഘടിപ്പിച്ചു. കൂടാതെ രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണ ക്ലാസുകൾ  നടത്താനും സാധിച്ചു
 ഗണിതം –ശ്രീമതി സിന്ധു
 ഇംഗ്ലീഷ് –ശ്രീ കെ ആർ വിശ്വംഭരൻ
 സാമൂഹ്യ ശാസ്ത്രം–ശ്രീ .ബോണിഫസ്
കെമിസ്ട്രി –ശ്രീ .സുരേഷ് ബാബു
7.പഠനയാത്ര
 സ്വർഗ്ഗതീരം പദ്ധതിയിൽ ഉൾപ്പെടുത്തി 150 കുട്ടികളെ പഠന യാത്രയിൽ പങ്കെടുപ്പിച്ചു. CMFRI കേന്ദ്രീകരിച്ച് ആയിരുന്നു പഠനയാത്ര സംഘടിപ്പിച്ചത്. തീരപ്രദേശത്തെ കുട്ടികൾക്ക്  കടലുമായി ബന്ധപ്പെട്ട വ്യത്യസ്ത അറിവുകൾ സ്വായത്തമാക്കുന്നതിനും. പഠനത്തിനായി വിവിധ കോഴ്സുകളെ കുറിച്ച് അറിവ് ലഭിക്കുന്നതിനും. വ്യത്യസ്ത തൊഴിലവസരങ്ങൾ മനസ്സിലാക്കുന്നതിനും ഈ യാത്ര ഉപകരിച്ചു. തൃപ്പൂണിത്തുറ ഹിൽപാലസ്. ജൂത തെരുവ്. ബോട്ടിംഗ് എന്നുകൂടി ആസ്വദിക്കാൻ കുട്ടികൾക്ക് അവസരം ലഭിച്ചു
<u>8.ഭൗതിക സൗകര്യ വികസനം</u>
 സ്വർഗ്ഗതീരം പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂളിന്റെ അടിസ്ഥാന വികസനങ്ങൾ സാധ്യമാക്കാൻ സാധിച്ചു. സ്കൂളിന്റെ കിഴക്ക് ഭാഗം താഴ്ചയുള്ളത് ആയതുകൊണ്ട് തന്നെ മഴക്കാലത്ത് വെള്ളക്കെട്ട് ഉണ്ടാവുകയും കൊതുകവും മറ്റും പെരുകി ദുർഗന്ധം ഉണ്ടാകുകയും ചെയ്തിരുന്നു. ആ ഭാഗം മണ്ണിട്ടുയർത്തി കൃഷിയോഗ്യമാക്കാൻ സാധിച്ചു  കൂടാതെ എല്ലാ ക്ലാസുകളിലേക്കും വൈറ്റ് ബോർഡ് വാങ്ങാൻ  സാധിച്ചു.  എൽപി യുപി ഹൈസ്കൂൾ വിഭാഗങ്ങളിലെ ഓരോ ക്ലാസുകൾ വീതം ഹൈടെക് ആക്കുന്നതിലേക്ക് മൂന്ന് ലാപ്ടോപ്പുകളും രണ്ടു പ്രോജക്ടറുകളും വാങ്ങി. കേടായി കിടന്ന പബ്ലിക് അഡ്രസ്സ് സിസ്റ്റം ശരിയാക്കുന്നതിന് ആവശ്യമായ സാധനങ്ങൾ പർച്ചേസ് ചെയ്തു.

ഐടി ലാബ് ഫർണിഷ് ചെയ്യുന്നതോടൊപ്പം കുട്ടികൾക്ക് ലഭിക്കുന്ന സമ്മാനങ്ങൾ സൂക്ഷിക്കുന്നതിനുള്ള ക്രമീകരണങ്ങളും നടത്താൻ കഴിഞ്ഞു.

## ക്ളബ് പ്രവർത്തനങ്ങൾ\

**നേച്ചർ ക്ലബ്ബ്** –പച്ചക്കറിത്തോട്ട നിർമ്മാണം ,ശലഭ ഉദ്യാനം, പരിസ്ഥിതി ദിനാഘോഷം, Friday cleaning ' എന്ന പേരിൽ സ്കൂൾ ശുചീകരണ പ്രവർത്തനങ്ങൾ പരിസ്ഥിതി സൗഹാർദ റാലി ബോധവൽക്കരണ ക്ലാസുകൾ ,പോസ്റ്റർ നിർമ്മാണം ക്വിസ് തുടങ്ങിയ മത്സരങ്ങൾ Daily ക്വിസ് പ്രോഗ്രാം ... ഫീൽഡ് ട്രിപ്പ് ഡിബേറ്റുകൾ ,സെമിനാർ അവതരണം

**Health club**

ദിനാഘോഷങ്ങൾ ,എയ്ഡ്സ് ദിന സന്ദേശ റാലി, ആശുപത്രി സന്ദർശനം ,ശുചീകരണ പ്രവർത്തനങ്ങൾ, ഫുഡ് ഫെസ്റ്റ് മത്സരങ്ങൾ ,ലഹരി വിരുദ്ധ സന്ദേശ റാലി പോസ്റ്റർ നിർമ്മാണം ബോധവൽക്കരണ ക്ലാസുകൾ , കുട്ടികളുടെ ആരോഗ്യപരമായ പരിശോധനകൾ മാസംതോറും നടത്തുന്നു. ഹീമോഗ്ലോബിൻ പരിശോധന നേത്ര പരിശോധന

**മലയാളം ക്ലബ്ബ്**

കേരളപ്പിറവി ദിനാഘോഷം കവിയരങ്ങ് വായനദിനാഘോഷം പി എൻ പണിക്കർ അനുസ്മരണം ബഷീർ അനുസ്മരണം ആസ്വാദനക്കുറിപ്പ് വായനക്കുറിപ്പ് ഉപന്യാസം മത്സരങ്ങൾ കഥ കവിത മത്സരങ്ങൾ ദൃശ്യാവിഷ്കാരങ്ങൾ വായനവട്ടം വായന മത്സരങ്ങൾ

**സയൻസ് ക്ലബ്ബ്**

ദിനാഘോഷങ്ങൾ ക്വിസ് മത്സരങ്ങൾ ഉപന്യാസ രചന ലഘുപരീക്ഷണങ്ങൾ സയൻസ് എക്സിബിഷൻ സയൻസ് പ്രോജക്ടുകൾ സെമിനാറുകൾ ശാസ്ത്രജ്ഞൻമാരെ അറിയുക സയൻസ് പസിലുകൾ തയ്യാറാക്കി ശാസ്ത്ര മോഡലുകൾ

**Maths club** ..ജോമട്രിക്കൽ മോഡലുകൾ, ചാർട്ടുകൾ, പസിലുകൾ, എക്സിബിഷൻ, ഈസി മാക്സ് ക്ലാസുകൾ

**English club**

ഓരോ ദിവസവും പ്രധാന വാർത്ത ചാർട്ടിൽ എഴുതി പ്രദർശിപ്പിച്ചു, ആഴ്ച അവസാനം ഇംഗ്ലീഷ് ക്ളബിൽ വാർത്തകൾ അവലോകനം അതുമായി ബന്ധപ്പെട്ട ക്വിസ്,

**SS club**

ദിനാഘോഷങ്ങൾ ക്വിസ് മത്സരങ്ങൾ ഉപന്യാസ രചന ഹിരോഷിമ നാഗസാക്കി ദിനാഘോഷം ബന്ധപ്പെട്ട് സഡാക്കോ കൊക്കുകൾ നിർമ്മിച്ചു കൂടാതെ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട സ്കിറ്റ്, കൊറിയോഗ്രാഫി, നറേഷൻ തുടങ്ങിയവ പരിശീലിച്ച് അവതരിപ്പിക്കുന്നു, മറ്റു ഭാഷാ പ്രവർത്തനങ്ങൾ ചാർട്ടുകളിൽ എഴുതി പരിശീലിക്കുന്നു, കുട്ടികളുടെ പദസമ്പത്ത് വർദ്ധിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ ചെയ്യുന്നു
8, 9 ക്ളാസുകളുടെ language games മത്സരം നടത്തുന്നു

സാമൂഹിക പങ്കാളിത്തം

നാലുചിറ ഗവൺമെന്റ് ഹൈസ്കൂളിന്റെ ഭൗതിക പുരോഗതിയിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. സ്കൂളിന്റെ അക്കാദമിക പുരോഗതിയും കുട്ടികളുടെ വ്യക്തിപരമായ കഴിവുകളും സമൂഹത്തിന് ബോധ്യപ്പെടുത്താൻ ശ്രമിച്ചതിന്റെ ഭാഗമായി സ്കൂളിന്റെ മെച്ചപ്പെടലിന് നാട്ടുകാരുടെ പിന്തുണ ഉണ്ടായി .വ്യാപാരി വ്യവസായികൾ ,അമ്മ മലയാളം പോലെയുള്ള സന്നദ്ധ സംഘടനകൾ ,പൂർവ വിദ്യാർത്ഥികൾ എന്നിവരുടെ സഹായം മാതൃകാപരമായി.

ചൂട് ഇല്ലാത്ത അന്തരീക്ഷത്തിൽ കുട്ടികളുടെ പഠനം ഉറപ്പാക്കുന്നതിനായി ഓരോ ക്ലാസിലും മൂന്നു ഫാൻ വീതം ക്രമീകരിച്ചു. ഇതിൽ 6 ഫാൻ തോട്ടപ്പള്ളിയിലെ വ്യാപാരി വ്യവസായികൾ നൽകിക്കൊണ്ട് സ്കൂളിന്റെ പ്രവർത്തനങ്ങളോടൊപ്പം നിന്നു

പൂർവ്വ വിദ്യാർത്ഥികൾ സ്കൂളിന് ആവശ്യമായ ഒരു ഇലക്ട്രിക് ബെൽ സംഭാവനയായി നൽകി. കൂടാതെ സ്പോർട്സിൽ പങ്കെടുക്കുന്ന കുട്ടികൾക്കായി 15 ജേഴ്സിയും നൽകി

മെയിൻ റോഡിൽ നിന്നും 60 മീറ്ററോളം ഉള്ളിലായിആണ് സ്കൂൾ നിൽക്കുന്നത്. ആയതിനാൽ റോഡിലൂടെ പോകുന്നവർക്ക് സ്കൂൾ തിരിച്ചറിയുന്നതിന് ബുദ്ധിമുട്ടുണ്ട്. റോഡിന്റെ സൈഡിലായി സ്കൂളിന്റെ ഒരു നെയിംബോർഡ് നിർമ്മിച്ചു നൽകാൻ ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികൾ ഉൾക്കൊള്ളുന്ന അമ്മ മലയാളം എന്ന സംഘടന തയ്യാറായി വന്നിട്ടുണ്ട്..അതിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. സ്കൂളിന്റെ പുരോഗതിക്കായി കൂടുതൽ സഹായങ്ങൾ വാഗ്ദാനം ചെയ്തുകൊണ്ട് ഇപ്പോൾ ഈ സംഘടനയും സ്കൂളിന്റെ മികവുകൾക്കൊപ്പം നിൽക്കുന്നു



# THE RAIN

**Something just dropped from me**
**Something that had the heat of fire**
**it rolled down through me**
**carrying all my pain and stain**
**it rolled down through me**
**clearing all the painful thoughts from me**
**it dropped one by one**
**then like a rain**
**finally after heavily rained**
**all my pain and stain are drained.**



Anusree B
10c

# BOOK REVIEW

# OLIVER TWIST

The book which i got to read is OLIVER TWIST. The author of the book is the famous writer named CHARLES DICKENS.

Charles Dickens was born in 1812 and grew up in poverty.

This experience influenced OLIVER TWIST, the second of his fourteen major novel, which first appeared serially between 1837 and 1839. Some of his best known works include david copper field, a tale of two cities, great expectations and hard times. Unfortunately he passed away in 1870 in his 58th age.A scathing attack on the croelty of society

in Dicknes time, oliver twist details the life of an unfortunate orphan, the principal protagonist of this celebrated novel. Moving from the workhouse to a gang of pick pockets to a kindly family,oliver's life goes through many twist and turns, poignantly show casing the travails of underprivileged children in the nineteenth -century england.Along the way, he meets some of the most memorable charaders created by Dickens;The cruel fagin, The artful Dodger and the Mysterious Monks, Dickens's sensitivity towards the plight of orphans and his colourful descriptions make oliver twist the classic it is.

Every story has some moral valves. The moral valves in the novel 'OLIVER TWIST' is we should want to become a stead fastness, bravery, honesty, thankfull, cooperative and kind hearted human being.

The novel' OLIVER TWIST' , is a wonderful classic novel of all time.

"Some people are nobody's enemies but their own"
--CHARLES DICKENS, OLIVER TWIST

suryanath. S
IX.C

# BOOK REVIEW ;MY INDIA ; IDEAS FOR THE FUTURE

The author of this book is AVUL PAKIR JAINULABDEEN ABDUL KALAM who was born on 15 october 1931 in Rameswaram, Tamilnadu who served as the eleventh president of India. He spend four decades as a scientist and science administrator.
My India ;Ideas for the future contains exerpts from his speeches in his addresses to parliments, universities, schools andother institutions in India and abroad, they include his ideas on science,nation,poverty,compassion and self confidence.
Dr kalam wrote about the lives of marie ,curie,Dr Vikram sarabhai, Nelson mandela to encourage and inspire his younger generation. Through these speeches, he shares many valuable lessons in humanity, residence, and determination and leads to think grow and evolveDr kalam's last book for children is a road map for every child to pussue their dreams, to be the best they can be for a better future so India.

ABHINAV SAJEEV
9B

# വീണപുവ്

മലയാത്തിലെ പ്രശസ്ത കവി കുമാരനാശാൻ രചിച്ച ഖണ്ഡകാവ്യമാണ് വീണപൂവ്. 1907 ഡിസംബറിൽ ആണ് ആശാൻ
വീണപുവ് മിതവാദി പത്രത്തിൽ പ്രസദ്ധികരിച്ചത്. മലയാള കാവ്യാന്തരിക്ഷത്തിൽ തികച്ചും അനുഭവമായിരുന്നു വിണപുവ്
എന്ന ഖണ്ഡകാവ്യം.വീണപൂവിൽ പൂവിൻെറ ജനനം മുതൽ മരണം വരെയുള്ള അതീവസുക്ഷ്മമായ ഘട്ടങ്ങൾ
മനുഷ്യജീവിതത്തിൻെറ നൈമിഷികതയെ ഓർമ്മിപ്പിച്ചുകൊണ്ട് കേവലം നാല്പത്തിയൊന്ന്
ശ്ലോകങ്ങളിലൂടെ ഹൃദയസ്പർശിയാം വിധം ചിത്രീകരിച്ചിരിക്കുന്നും
സൂര്യനെ നോക്കി അഹങ്കാരത്തോടെ തലയുയർത്തി ന്ൽക്കുന്ന പൂവ് നിമിഷനേരങ്ങൾക്കുള്ളിൽ ഉടലറ്റുഭൂമിയിൽ
കിടക്കുന്ന എത്ര ഉന്നതങ്ങളിൽ ആണെങ്കിലും ഒരു നിമിഷം കൊണ്ട് നാം ഒന്നും അല്ലാതെയായി മണ്ണിലേക്ക്
ചേരുമെന്നും കവി ഓർമ്മിപ്പിക്കുന്നു.
വളരെ ലളിതമായ തത്ത്വം ഈ കവിതയിൽ അവതരിപ്പിച്ചിരിക്കുന്നു
സുന്ദരമായ ഒരു പുഷ്പം കൊഴിഞ്ഞു തറയിൽ വീണു കുടക്കുന്നത് കണ്ടപ്പോൾ ഉണ്ടായ വിഷദത്തിൽ നിന്നും ഉടലെടുത്തതാണ്
ഈ കവിത .
നാമൊക്കെ കൊഴിഞ്ഞു കിടക്കുന്ന പുഷ്പങ്ങൾ കാണുമ്പോൾ ഒരു നിമിഷം നോക്കിയേക്കാം പിന്നെ നടന്നകലും
അതിനെ  ഇത്രയധികം ഭാവന ചാർത്തി വർണിക്കാൽ മഹാകവികൾക്കെ
സാധിക്കു........

ADIYA V



# BETRAYAL



In this world of betrayal
I'm standing alone being loyal
The worship my heart lift's
Is also being fake
As fate had it – Soul – my
Own soul is in dark
After this night of sorrow
Can I see the delighting morrow?!
The light of stars is also fading
Like the human heart's brightness
The doves had flewn away
Like the beads scattering from a chain
In this world of betrayal
I'm standing alone being loyal
The night is so cold now
The air is so cold now
How long i've to wait for
The sun to rise?!!

ANUSREE B 10C

# SCIENTIFIC NAMES

| | |
|---|---|
| Human Beings | Homo Sapiens |
| Mango | Mangifera Indica |
| Coconut | Cocos Nucifera |
| Tiger | Panthera Tigris |
| Lion | Panthera Leo |
| Cat | Cannis Femiliaris |
| Golden flower | Cassia Fistula |
| Hibiscus | Hibiscus |



# ഞാനാരെന്ന് പറയാമോ?

മനുഷ്യനിലാണേൽ നാല്പത്താറും
ചിമ്പാൻസിയിലോ നാല്പത്തിനാലും
അൻപത്തിരണ്ട് പ്ലാറ്റിപസിൽ
ഞാനാരെന്ന് പറയാമോ?

DNAയും പ്രോട്ടീണുകളും ചേർന്നുണ്ടാകും
പലരൂപത്തിൽ കാണപ്പെടും
'X'ആകൃതിയിൽ Metaphase-ൽ
'I' ആകൃതിയിൽ Phrophase-ൽ
നാരുകൾ പോലെ Interphase-ൽ
ഞാനാണല്ലോ ക്രോമസോം
ഞങ്ങളെയാകെ തരം തിരിച്ചാൽ

സ്വരൂപ\ലിംഗനിർണയ ജോഡികളായാൽ
ഇരുപത്തിരണ്ടും-രണ്ടുംമെന്നാകും ക്രമത്തിൽ
ഞങ്ങളെല്ലാമൊരു കോശത്തിലാണേ
മറക്കല്ലിതൊരുനാളുമൊരാളുമിനി

ലിംഗനിർണയ ക്രോമസോമുകൾ
സ്ത്രീകളിലാണേൽ 'xx'എന്നും
'xy'യെന്നു പുരുഷൻമാരിലും
ജനിതകഘടനയോ 44+xx,
44+xyയെന്നു സ്ത്രീപുരുഷരിൽയഥാക്രമം

വ്യതിയാനത്തിൽ സ്രോതസ്സായി
മുറിഞ്ഞുമാറും നല'osis'ൽ
അതുവഴി വയ്ക്കും പരിണാമത്തിന്
അത് സൃഷ്ടിക്കും സ്പിഷിസുകളെ.

BY
ADHIYA.V
8.C

# നിർമ്മിത ബുദ്ധി

കൃത്രിമബുദ്ധി (artificial intelligence, AI) എന്ന വാക്ക് യന്ത്രങ്ങളുടെ ബുദ്ധിയേയും അതുപോലെ അത് യാഥാർഥ്യമാക്കാൻ ലക്ഷ്യമിട്ട കമ്പ്യൂട്ടർ ശാസ്ത്രത്തിലെ ശാഖയേയും കുറിക്കാൻ ഉപയോഗിക്കുന്നു. ഇന്റലിജന്റ് ഏജന്റുമാരുടെ പഠന മേഖലയാണ് എഐ ഗവേഷണം എന്ന് നിർവചിക്കപ്പെട്ടിട്ടുണ്ട്, അത് പരിസ്ഥിതിയെ മനസ്സിലാക്കുകയും അതിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള സാധ്യത വർദ്ധിപ്പിക്കുന്ന നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്ന ഏതൊരു സംവിധാനത്തെയും സൂചിപ്പിക്കുന്നു.

നിർമ്മിത ബുദ്ധി എന്നാൽ "വിവേകമുള്ള യന്ത്രങ്ങളെ സൃഷ്ടിക്കുവാൻ വേണ്ടിയുള്ള പഠനപ്രവർത്തനങ്ങളും അവയുടെ രൂപകൽപ്പനയും". വിവേകമുള്ള യന്ത്രങ്ങൾ എന്നാൽ ചുറ്റുപാടിൽ നിന്നും കാര്യങ്ങൾ സ്വീകരിക്കുകയും അതുവഴി വിജയകരമായി നീങ്ങുവാനുള്ള പ്രവർത്തികൾ നടപ്പിൽ വരുത്തുന്നതുമായ വ്യൂഹങ്ങൾ" ആണ്.

എഐ ഗവേഷണത്തിന്റെ വിവിധ ഉപമേഖലകൾ പ്രത്യേക ലക്ഷ്യങ്ങളെയും പ്രത്യേക ഉപകരണങ്ങളുടെ ഉപയോഗത്തെയും കേന്ദ്രീകരിച്ചുള്ളതാണ്. എഐ ഗവേഷണത്തിന്റെ പരമ്പരാഗത ലക്ഷ്യങ്ങളിൽ ഓട്ടോമേറ്റഡ് റീസണിംഗ്, നോളജ് റെപ്രസേന്റേഷൻ ആന്റ് റീസണിംഗ്, ഓട്ടോമേറ്റഡ് പ്ലാനിംഗ് ആൻഡ് ഷെഡ്യൂളിംഗ്, മെഷീൻ ലേണിംഗ്, നാച്ചുറൽ ലാങ്വേജ് പ്രോസ്സസിംഗ്, മെഷീൻ പെർപെഷൻ, വസ്തുക്കളെ ചലിപ്പിക്കാനും കൈകാര്യം ചെയ്യാനുമുള്ള കഴിവ് എന്നിവ ഉൾപ്പെടുന്നു.[നറൽ ഇന്റലിജൻസ് (അനിയന്ത്രിതമായ ഒരു പ്രശ്നം പരിഹരിക്കാനുള്ള കഴിവ് ) ഫീൽഡിന്റെ ദീർഘകാല ലക്ഷ്യങ്ങളിൽ ഒന്നാണ്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്, എഐ ഗവേഷകർ നിരവധി പ്രശ്നപരിഹാര സാങ്കേതിക വിദ്യകൾ സ്വീകരിക്കുകയും സംയോജിപ്പിക്കുകയും ചെയ്തു. തിരയൽ, മാത്തമാറ്റിക്കൽ ഒപ്റ്റിമൈസേഷൻ, ഒഫീഷ്യൽ ലോജിക്, കൃത്രിമ ന്യൂറൽ നെറ്റ്‌വർക്കുകൾ, സ്ഥിതിവിവരക്കണക്കുകൾ, പ്രോബബിലിറ്റി, സാമ്പത്തികശാസ്ത്രം എന്നിവയെ അടിസ്ഥാനമാക്കിയുള്ള രീതികൾ പിന്തുടരുന്നു. കമ്പ്യൂട്ടർ സയൻസ്, മനഃശാസ്ത്രം, ഭാഷാശാസ്ത്രം, തത്ത്വചിന്ത, കൂടാതെ മറ്റ് പല മേഖലകളിലും എഐ ആകർഷകമാക്കുന്നു. മനുഷ്യന്റെ ബുദ്ധിയെ "അനുകരിക്കുന്ന ഒരു യന്ത്രം നിർമ്മിക്കാൻ കഴിയും" എന്ന അനുമാനത്തിലാണ് ഈ മേഖല ആരംഭിച്ചത്. ഇത് മനസ്സിനെക്കുറിച്ചും മനുഷ്യനെപ്പോലെയുള്ള കൃത്രിമ ജീവികളെ സൃഷ്ടിക്കുന്നതിന്റെ ധാർമ്മിക അനന്തരഫലങ്ങളെക്കുറിച്ചുള്ള വാദങ്ങൾ ഉയർത്തി. ബുദ്ധി; പുരാതന കാലം മുതൽ ഈ പ്രശ്നങ്ങൾ മിത്ത്, ഫിക്ഷൻ, ഫിലോസഫി എന്നിവയാൽ പര്യവേക്ഷണം ചെയ്യപ്പെട്ടിട്ടുണ്ട്. സയൻസ് ഫിക്ഷൻ എഴുത്തുകാരും ഫ്യൂച്ചറോളജിസ്റ്റുകളും എഐ അതിന്റെ യുക്തിസഹമായ കഴിവുകൾക്ക് മേൽനോട്ടം വഹിച്ചില്ലെങ്കിൽ മനുഷ്യരാശിയുടെ നിലനിൽപ്പിനെ തന്നെ ബാധിക്കാമെന്ന് അഭിപ്രായപ്പെടുന്നു.

# ചാറ്റ് ജിപിടി.

നൂതന സാങ്കേതിക വിദ്യയിലൂടെ ഡയലോഗുകൾ സൃഷ്ടിക്കാൻ ഉപയോഗിക്കുന്ന വളരെ ജനപ്രിയമായ -അധിഷ്ഠിത പ്രോഗ്രാമാണ് ചാറ്റ് ജിപിടി. പരിശീലനം നൽകപ്പെട്ടതനുസരിച്ച് പ്രവർത്തിക്കുന്ന ജനറേറ്റീവ് പ്രീ-ട്രെയിൻഡ് ട്രാൻസ്ഫോർമർ എന്ന് വിളിക്കപ്പെടുന്ന ഒരു ചാറ്റ്ബോട്ടാണിത്. ഓപ്പൺ എ ഐ എന്ന ഐ ടി കമ്പനിയാണ് ഇതിൻ്റെ സ്ഥാപകർ. ഇത് ഓപ്പൺ എ ഐയുടെ ജിപിടി-3.5, ജിപിടി-4 കുടുംബങ്ങളിൽ പെട്ട ലാർജ് ലാംഗ്വേജ് മോഡലുകൾ (LLMs) ഉപയോഗിച്ചാണ് നിർമ്മിച്ചിരിക്കുന്നത്, കൂടാതെ മികച്ച മേൽനോട്ടത്തോടെയും റീ എൻഫോഴ്സ്മെന്റ് ലേണിംഗ് സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് നന്നായി ട്യൂൺ ചെയ്തിരിക്കുന്നു (ട്രാൻസ്ഫർ ലേണിംഗ് എന്ന മെഷീൻ ലേണിംഗ് സംവിധാനം ഉപയോഗപ്പെടുത്തിയിരിക്കുന്നു).

ചാറ്റ് ജിപിറ്റി ഒരു പ്രോട്ടോടൈപ്പായി 2022 നവംബർ 30-ന് സമാരംഭിച്ചു. വിജ്ഞാനത്തിന്റെ വിവിധ മേഖലകളിലുടനീളം അതിന്റെ വിശദവും പെട്ടന്നുള്ളതുമായ പ്രതികരണങ്ങൾ മൂലവും, അതിന്റെ വ്യക്തമായ ഉത്തരങ്ങൾ മൂലവും ഇത് ശ്രദ്ധ നേടി. എന്നിരുന്നാലും, പല സമയത്തും അതിന്റെ കൃത്യത ഇല്ലായ്മ ഒരു പ്രധാന പോരായ്മയായി തിരിച്ചറിഞ്ഞിട്ടുണ്ട്. ചാറ്റ്ജിപിറ്റി പുറത്തിറക്കിയതിന് ശേഷം, ഓപ്പൺഎഐ(OpenAI)-യുടെ മൂല്യം 2023-ൽ 29 ബില്ല്യൺ യുഎസ് ഡോളറാണ് ഇതിന്റെ മൂല്യം.

ചാറ്റ്ജിപിറ്റി യുടെ യഥാർത്ഥ റിലീസ് ജിപിടി-3.5 അടിസ്ഥാനമാക്കിയുള്ളതാണ്. ഏറ്റവും പുതിയ ഓപ്പൺഎഐ മോഡലായ ജിപിടി-4 അടിസ്ഥാനമാക്കിയുള്ള ഒരു പതിപ്പ് 2023 മാർച്ച് 14-ന് പുറത്തിറങ്ങി, ചുരുക്കം ചില പണമടച്ചുള്ള വരിക്കാർക്ക് മാത്രമാണ് ഇത് ലഭ്യമായിട്ടുള്ളത്.

# 7 wonders of India

Gomateshwar in Karnataka.
Hampi in Karnataka.
Harmandir Sahib Gold Temple in Punjab.
Khajuraho.
Konark Sun Temple in Odisha.
Nalanda in Bihar.





THANKS